4. Zero Monitoring
5. Epidemiological studies
6. Extension & Publicity
7. Manpower development
8. Information Management
9. Project Management Unit.

വനേതരാവശ്യങ്ങൾക്ക് വനഭൂമി വിട്ടുകൊടുക്കുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ

* 8 [581] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
,, വി. ചെന്താമരാക്ഷൻ:
,, എം. വി. ഗോവിന്ദൻ മാസ്റ്റർ:
,, രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനേതരാവശ്യങ്ങൾക്ക് വനഭൂമി വിട്ടുകൊടുക്കുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വ്യവസ്ഥകൾ സംസ്ഥാനത്ത് പാലിക്കുന്നുണ്ടോ;

(സി) വനേതരാവശ്യങ്ങൾക്ക് വിട്ടുകൊടുക്കുന്ന വനഭൂമിയ്ക്ക് പകരം ബദൽ വനവൽകരണം നടത്താത്തതുമൂലം വനഭൂമിയുടെ വിസ്തീർണ്ണം കുറഞ്ഞുവരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വനഭൂമി വനേതരാവശ്യങ്ങൾക്ക് നൽകുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ കാര്യക്ഷമമായ രീതിയിൽ നടത്തുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുവാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(ഇ) ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം ഗൗരവമായി പരിഗണിക്കുമോ;

(എഫ്) ബദൽ വനവൽകരണത്തിനായി വർഷംതോറും ലഭിക്കുന്ന തുക വിനിയോഗിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെയാണ്;

(ജി) പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വനവൽകരണം നടത്തുന്ന വനച്ചെടികളുടെ അതിജീവനത്തെക്കുറിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

വനവും സ്പോർട്സും വകുപ്പ് മന്ത്രി (ശ്രീ. കെ. സുധാകരൻ) :

(എ) വനേതരാവശ്യങ്ങൾക്ക് വനഭൂമി വിട്ടുകൊടുക്കുമ്പോൾ തുല്യവിസ്തീർണ്ണമുള്ള വനേതരഭൂമിയിൽ ബദൽ വനവൽകരണം നടത്തണം. വനേതരഭൂമി ലഭ്യമല്ലാത്ത സാഹചര്യത്തിൽ വിട്ടുകൊടുക്കപ്പെടുന്ന വനഭൂമിയുടെ ഇരട്ടി വിസ്തീർണമുള്ള പ്രക്ഷിണ വനപ്രദേശത്ത് ബദൽ വനവൽകരണം നടത്തണം. വനവൽകരണത്തിനുള്ള ചിലവ് ബന്ധപ്പെട്ട ഏജൻസിയാണ് വഹിക്കേണ്ടത്.

(ബി) ഉണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉണ്ട്. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ഈ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്ന് വിലയിരുത്താറുണ്ട്. സംസ്ഥാന സർക്കാരും വ്യവസ്ഥകൾ പാലിക്കുന്നകാര്യത്തിൽ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

(ഇ) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ ബദൽ വനവൽകരണത്തെ സംബന്ധിച്ച് സ്വതന്ത്ര ഏജൻസിവഴി കേരളത്തിലെ എല്ലാ ജില്ലകളിലും വിലയിരുത്തൽ നടത്തിവരുന്നുണ്ട്.

(എഫ്) ബദൽ വനവൽക്കരണത്തിനായി തയ്യാറാക്കുന്ന പദ്ധതിയിലെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചാണ് വനവൽകരണം നടത്തുന്നത്. ഇതനുസരിച്ച് പ്രക്ഷിണ വനങ്ങളുടെ പ്രകൃത്യായുള്ള പുനരുദ്ധാരണം തദ്ദേശീയമായ വൃക്ഷത്തൈകളുടെ പുനരുദ്ധാരണം, മണ്ണ്, ജല സംരക്ഷണം എന്നീ പ്രവർത്തനങ്ങൾക്കും അതിനുശേഷം 5 വർഷംവരെയുള്ള പരിചരണപ്രവർത്തനങ്ങൾക്കുമായാണ് ഫണ്ടു വിനിയോഗിക്കുന്നത്. വനേതര ഭൂമിയിലും തദ്ദേശീയമായ വൃക്ഷത്തൈകൾ നട്ടു പരിചരണ പ്രവർത്തനങ്ങൾ നടത്താറുണ്ട്.

(ജി) പ്രസ്തുത പരിപാടിയുടെ ലക്ഷ്യങ്ങൾ സാക്ഷാൽകരിക്കുന്നുണ്ടോ എന്ന് കാലാകാലങ്ങളിൽ വനം വകുപ്പിന്റെ വിജിലൻസ് വിഭാഗവും സോഷ്യൽ ഫോറസ്ട്രി വിഭാഗവും മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിലെ ഉദ്യോഗസ്ഥന്മാർ പദ്ധതി പ്രദേശങ്ങൾ സന്ദർശിച്ച് ചെടികളുടെ അതിജീവനത്തെകുറിച്ച് വിലയിരുത്താറുണ്ട്. കൂടാതെ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ കേരളത്തിലെ എല്ലാ ജില്ലകളിലും ഇപ്പോൾ സ്വതന്ത്ര ഏജൻസിവഴി വിലയിരുത്തൽ നടത്തിവരുന്നു.

പാട്ടത്തിന് നൽകിയിട്ടുള്ള വനഭൂമിയുടെ യഥാർത്ഥ സ്ഥിതി പഠിക്കുന്നതിന് വിദഗ്ദ്ധ സമിതി

* 9 [582] ശ്രീ. കെ. കെ. ജയചന്ദ്രൻ:
„ ടി. കെ. ദേവകുമാർ:
„ പി. സി. ജോർജ്:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാട്ടത്തിന് നൽകിയിട്ടുള്ള വനഭൂമിയുടെ നിജസ്ഥിതി പഠിക്കുന്നതിനും മനസ്സിലാക്കുന്നതിനുമായി ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly